**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 746** **29.10.2019 -ൽ മറുപടിക്ക്**

**പുഴയോര ടൂറിസം പദ്ധതിയായ ട്രയാങ്കിൾ ടൂറിസം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി. : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| **എ)** | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം, വള്ളിക്കുന്ന്, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ പുഴയോര ടൂറിസം പദ്ധതിയായ ട്രയാങ്കിൾ ടൂറിസം ഒന്നാംഘട്ട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | പദ്ധതി സംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല. |
| **ബി)** | പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) യും സി) യും | നിവേദനം ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരും ആർകിടെക്ടും അടങ്ങുന്ന സംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി. പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥല ലഭ്യത സംബന്ധിച്ച വിശദാംശം സമർപ്പിക്കാൻ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം എന്നീ പഞ്ചായത്ത് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | ടൂറിസം ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരും ജില്ലാതല ടൂറിസം പ്രമോഷൻ കൗൺസിൽ പ്രതിനിധികളും ടെക്നിക്കൽ ഏജൻസിയായ ജി പാക്ക് പ്രതിനിധികളും പുഴയോരം സന്ദർശിച്ചിരുന്നുവോ; സന്ദർശക സംഘം പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; വിശദവിവരം നൽകാമോ; | | |
| ഡി) | കണ്ടൽകാടിനെ സംരക്ഷിച്ചുകൊണ്ട് പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ? | ഡി) | സ്ഥല ലഭ്യത ഉൾപ്പെടെ പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ